**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6171** **09-07-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലാ ആശുപത്രി സഹകരണ സംഘത്തിന്റെ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലാ ആശുപത്രി സഹകരണ സംഘത്തിന് കെട്ടിടം നിർമ്മിക്കാൻ എൻ.സി.ഡി.സി. ലോൺ അനുവദിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | കാസർഗോഡ് ജില്ലാ സഹകരണ ആശുപത്രി സംഘം ക്ലിപ്തം നമ്പർ എസ്.42 ന് ആശുപത്രി കെട്ടിട നിർമ്മാണത്തിനുള്ള എൻ.സി.ഡി.സി. ധനസഹായമായി 180 ലക്ഷം രൂപ (ഓഹരി-80 ലക്ഷം രൂപ, വായ്പ-100 ലക്ഷം രൂപ) അനുവദിക്കുന്നതിന് എൻ.സി.ഡി.സി. മാനേജിംഗ് ഡയറക്ടറുടെ അനുമതി ലഭിക്കുകയും ടി തുക 2013-2014, 2015-2016 സാമ്പത്തിക വർഷങ്ങളിലായി സംഘത്തിന് അനുവദിച്ച് നൽകുകയും ചെയ്തിരുന്നു. കൂടാതെ സംഘത്തിന്റെ നിലവിലുള്ള കെട്ടിടത്തിന്റെ രണ്ടാം നില, ടെറസ് ഫ്ലോർ പണിയുന്നതിനും, ഇന്റീരിയർ ഡെവലപ്പ്മെന്റിനുമായി 490.50 ലക്ഷം രൂപയുടെ പ്രോജക്ടും, എൻ.സി.ഡി.സി. ധനസഹായത്തിനുള്ള അപേക്ഷയും വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും, ടി ധനസഹായം അനുവദിയ്ക്കുന്നതിനായി സർക്കാരിൽ നിന്നും എൻ.സി.ഡി.സി. യ്ക്ക് ശുപാർശ ചെയ്യുകയും ചെയ്തിരുന്നു. എൻ.സി.ഡി.സി. മാനേജിംഗ് ഡയറക്ടറുടെ 05.12.2018-ലെ NCDC:7-1/2018-C, IC&SC/179/SA80115 നമ്പർ കത്ത് പ്രകാരം 410 ലക്ഷം രൂപ (ഓഹരി-180 ലക്ഷം രൂപ, വായ്പ-230 ലക്ഷം രൂപ) എൻ.സി.ഡി.സി. ധനസഹായത്തിനുള്ള അനുമതി ലഭിച്ചിരുന്നു.<br><br>സഹകരണ സംഘം രജിസ്ട്രാറുടെ 31.01.2021, 19.01.2022 എന്നീ തീയതികളിലെ പി&എം (എ3)427/2021 നമ്പർ ഉത്തരവ് പ്രകാരം ടി ധനസഹായത്തിന്റെ ഒന്നാം ഗഡുവായി 147.50 ലക്ഷം രൂപ (ഓഹരി-90 ലക്ഷം രൂപ, വായ്പ-57.50 ലക്ഷം രൂപ) സംഘത്തിന് അനുവദിച്ച് നൽകിയിരുന്നു. ടി ധനസഹായത്തിന്റെ രണ്ടാം ഗഡുവായി 262.50 ലക്ഷം രൂപ (ഓഹരി-90 ലക്ഷം രൂപ, വായ്പ-172.50 ലക്ഷം രൂപ) 2023-2024 സാമ്പത്തിക വർഷം അനുവദിക്കുന്നതിന് 09.05.2023 |

| | | | |
|---|---|---|---|
| | | | ലെ സ.ഉ(സാധാ)നം.276/2023/സഹ. പ്രകാരം ഭരണാനുമതി നൽകിയിരുന്നു. സംഘത്തിന് അനുവദിക്കുവാൻ ബാക്കിനിൽപ്പുള്ള ഓഹരി ഇനത്തിലെ 90 ലക്ഷം രൂപയും, വായ്പ ഇനത്തിലെ 172.50 ലക്ഷം രൂപയും യഥാക്രമം രജിസ്ട്രേഷൻ 84/2024, 85/2024 എന്നിവ പ്രകാരം ഇ-ലാംസിൽ പോസ്റ്റ് ചെയ്തിട്ടുണ്ട്. ടി തുക 2024-2025 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത സംഘത്തിന് നാളിതുവരെ ഈ ഇനത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ട്; ഇനി എത്ര തുക നൽകാനുണ്ട്; വിശദാംശം അറിയിക്കാമോ; | (ബി) | കാസർഗോഡ് ജില്ലാ സഹകരണ ആശുപത്രി സംഘം ക്ലിപ്തം നമ്പർ എസ്.42 ന് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് രണ്ട് ഘട്ടങ്ങളിലായി അനുവദിച്ച എൻ.സി.ഡി.സി. ധനസഹായം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | കെട്ടിടം പണിത് വർഷങ്ങൾ കഴിഞ്ഞിട്ടും ഈ ഇനത്തിൽ സംഘത്തിന് നൽകാനുള്ള ബാലൻസ് തുക നൽകണമെന്ന ആവശ്യത്തിന്മേൽ എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (സി) | എൻ.സി.ഡി.സി. മാനേജിംഗ് ഡയറക്ടറുടെ 05.12.2018-ലെ NCDC:7-1/2018-C, IC&SC/179/SA80115 നമ്പർ കത്ത് പ്രകാരം അനുമതി ലഭിച്ചിരുന്ന എൻ.സി.ഡി.സി. ധനസഹായത്തിന്റെ രണ്ടാം ഗഡു തുകയായ 262.50 ലക്ഷം രൂപ (ഓഹരി-90 ലക്ഷം രൂപ, വായ്പ-172.50 ലക്ഷം രൂപ) സംഘത്തിന് അനുവദിക്കുന്നതിനായി 2023-2024 സാമ്പത്തിക വർഷം ഇ-ലാംസിൽ പോസ്റ്റ് ചെയ്തിരുന്നു. ടി തുക 2024-2025 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | സംഘത്തിന് നൽകാനുള്ള ബാലൻസ് തുക എന്നത്തേയ്ക്ക് നൽകുമെന്ന് അറിയിക്കാമോ? | (ഡി) | എൻ.സി.ഡി.സി. മാനേജിംഗ് ഡയറക്ടറുടെ 05.12.2018-ലെ NCDC:7-1/2018-C, IC&SC/179/SA80115 നമ്പർ കത്ത് പ്രകാരം അനുമതി ലഭിച്ചിരുന്ന എൻ.സി.ഡി.സി. ധനസഹായത്തിന്റെ രണ്ടാം ഗഡു തുകയായ 262.50 ലക്ഷം രൂപ (ഓഹരി-90 ലക്ഷം രൂപ, വായ്പ-172.50 ലക്ഷം രൂപ) സംഘത്തിന് അനുവദിക്കുന്നതിനായി 2023-2024 സാമ്പത്തിക വർഷം ഇ-ലാംസിൽ പോസ്റ്റ് ചെയ്തിരുന്നു. ടി തുക 2024-2025 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ഒന്നാം ഘട്ടം

| ക്രമ നമ്പർ | സാമ്പത്തിക വർഷം | ഓഹരി (രൂപ) | വായ്പ (രൂപ) |
|---|---|---|---|
| 1 | 2013 - 2014 | 40,00,000/- | 25,00,000/- |
| 2 | 2015 -2016 | 40,00,000/- | 75,00,000/- |
| ആകെ | | 80,00,000/- | 1,00,00,000/- |
| Grand Total | | 1,80,00,000/- | |

എൻ.സി.ഡി.സി. അനുമതി നല്കിയ തുക - 180 ലക്ഷം രൂപ
സംഘത്തിന് ലഭിച്ച തുക - 180 ലക്ഷം രൂപ

## രണ്ടാം ഘട്ടം

| ക്രമ നമ്പർ | സാമ്പത്തിക വർഷം | ഓഹരി | വായ്പ |
|---|---|---|---|
| 1 | 2020-2021 | 90,00,000/- | |
| 2 | 2021-2022 | | 57,50,000/- |
| | | 1,47,50,000/- | |

എൻ.സി.ഡി.സി. അനുമതി നല്കിയ തുക - 410 ലക്ഷം രൂപ
സംഘത്തിന് ലഭിച്ച തുക - 147.50 ലക്ഷം രൂപ

സംഘത്തിന് ലഭിക്കാൻ ബാക്കിയുള്ള തുക - 262.50 ലക്ഷം രൂപ
(ഓഹരി - 90 ലക്ഷം രൂപ, വായ്പ - 172.5 ലക്ഷം )

സെക്ഷൻ ഓഫീസർ